# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2712    17.06.2019 -ലെ മറുപടി

### പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം

**ചോദ്യം**

**ശ്രീ. ടി. എ. അഹമ്മദ് കബീർ**

**മറുപടി**

**കെ. കൃഷ്ണൻ കുട്ടി**
(ജലവിഭവ വകുപ്പുമന്ത്രി)

(എ) മങ്കടയിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ കടലുണ്ടിപ്പുഴക്ക് കുറുകെ ആനപ്പാറ പൊറ്റമ്മൽ കടവിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(എ) യും (ബി) യും: പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തിക്ക് 24.05.2019 ന് എഗ്രിമെന്റ് വെച്ച് 03.06.2019 ന് കോൺട്രാക്ടർക്ക് സ്ഥലം കൈമാറിയിട്ടുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

(സി) സുസ്ഥിര ജലലഭ്യത ഉറപ്പു വരുത്തുക. കാർഷികാവശ്യങ്ങൾക്കും, കൂടാതെ കുട്ടിലങ്ങാടി, ആനക്കയം, മറ്റു പഞ്ചായത്തുകളിലെയും കുടിവെള്ള പദ്ധതികൾക്കാവശ്യമായ വെള്ളം സംഭരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ മുകൾഭാഗത്ത് 2.7 കി.മീ. നീളത്തിൽ പുഴയിൽ ശരാശരി ഒന്നര മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കുക വഴി പരിസര പ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ സാധിക്കും. കുട്ടിലങ്ങാടി പഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ മോദി, മുണ്ടയാൽപ്പടി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിൽ സുസ്ഥിര ജലലഭ്യത ഉറപ്പു വരുത്താൻ കഴിയും.

**സെക്ഷൻ ഓഫീസർ**